# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2885

13/07/2015 ൽ മറുപടിക്ക്

**<u>സർക്കാർ ജീവനക്കാർക്ക് മത സംഘടനകളിലും മറ്റുമുള്ള അംഗത്വം</u>**

| **<u>ചോദ്യം</u> :** | **<u>ഉത്തരം</u> :** |
| --- | --- |
| **ശ്രീ. പി. ഉബൈദുള്ള** | **ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി** |
| (എ) സർക്കാർ ജീവനക്കാർക്ക് മത സംഘടനകളിലും കമ്മിറ്റികളിലും അംഗമാകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) 07.08.2014 - ലെ G.O.(P) 27/2014/P&ARD പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ ജാതി/മത സംഘടനകളുടെ ഭാരവാഹികളാകുന്നതിൽ നിന്നും വിലക്കേർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) വ്യക്തി സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന ഇത്തരം നീക്കങ്ങളിൽ നിന്ന് പിന്തിരിയുവാനും സംഘടനകളുടെ പുരോഗതി ലക്ഷ്യമിട്ട് സർക്കാർ ജീവനക്കാർക്ക് അതിൽ അംഗമായി പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ? | (ബി) സർക്കാർ ജീവനക്കാർ ജാതി/മത സംഘടനകളിൽ അംഗമാകുന്നതിനെ വിലക്കിയിട്ടില്ല. പ്രസ്തുത സംഘടനകളുടെ ഭാരവാഹിത്വം വഹിക്കുന്നതിന് മാത്രമാണ് വിലക്കുള്ളത്. |

**സെക്ഷൻ ഓഫീസർ**